## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T3651 | 11.11.2019- ൽ മറുപടിക്ക് |
|---|---|

## പിറവം മണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ റോഡുകളുടെ പുനരുദ്ധാരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.അനൂപ് ജേക്കബ് : | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | 2018-ലെ പ്രളയത്തിൽ തകർന്ന പിറവം മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എത്ര റോഡുകൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി പുനരുദ്ധരിക്കുന്നതിനായി ലഭ്യമായിട്ടുണ്ടെന്നും പ്രസ്തുത റോഡുകൾ ഏതൊക്കെയാണെന്നും അറിയിക്കുമോ; | (എ), (ബി) & (സി) | 2018-ലെ പ്രളയത്തിൽ തകർന്ന, തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള റോഡുകളിൽ, പത്തനംതിട്ട, കോട്ടയം, എറണാകുളം, വയനാട്, തൃശ്ശൂർ, ഇടുക്കി, പാലക്കാട്, ആലപ്പുഴ എന്നീ 8 ജില്ലകളിൽ നിന്നായി മുൻഗണനാടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത 603.74 കി.മീ റോഡുകൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി പുനർനിർമ്മിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇവയ്ക്കു വേണ്ട ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികളാണ് നിലവിൽ സ്വീകരിച്ചു വരുന്നത്.<br><br>പ്രസ്തുത പട്ടികയിലെ റോഡുകളിൽ പിറവം മണ്ഡലത്തിൽ നിന്നുള്ള റോഡുകൾ നിലവിൽ ഉൾപെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത റോഡുകളിൽ എത്രയെണ്ണം റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നവീകരിയ്ക്കാൻ തീരുമാനിച്ചുവെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ഈ നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ